KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.08/PR/PIC/PHQ/18 Date : 24.01.2018

---

# സങ്കുചിതത്വങ്ങൾക്കു വിരാമമിടാൻ സഹൃദയ പദ്ധതിയുമായി കാസർഗോഡ് പോലീസ്

വർഗീയവും വിഭാഗീയവുമായ ചിന്താഗതികൾക്കും മറ്റു തരത്തിലുള്ള സങ്കുചിത മനോഭാവങ്ങൾക്കുമപ്പുറം സൗഹാർദ്ദവും സമഭാവനയും സമൂഹത്തിൽ ഊട്ടിയുറപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കാസർഗോഡ് ജില്ലാ പോലീസ് നടപ്പിലാക്കുന്ന സഹൃദയ പദ്ധതി ശ്രദ്ധേയമാകുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് - ആർട്സ് ക്ലബ്ബുകളുടെ പൊതുവേദിയാണ് സഹൃദയ. പോലീസ് മുൻകൈയെടുത്ത് രൂപവത്കരിച്ചിട്ടുള്ള സഹൃദയയുടെ ആഭിമുഖ്യത്തിൽ ബോധവത്കരണക്ലാസ്സുകളും പരിശീലനങ്ങളും മുതൽ കായിക മത്സരങ്ങളും സാംസ്കാരിക പരിപാടികളുമുൾപ്പെടെ വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

സങ്കുചിത കാഴ്ച്ചപ്പാടുകളും വിഭാഗീയ പ്രവർത്തനങ്ങളും പലപ്പോഴും സംഘർഷങ്ങൾക്കും ക്രമസമാധാന പ്രശ്നങ്ങൾക്കും ജില്ലയിൽ വഴിവച്ചിരുന്നു. എല്ലാവിഭാഗം ജനങ്ങളുടെയും പങ്കാളിത്തമുള്ള കൂട്ടായ്മകൾക്കു രൂപം നല്കുന്നത് ഇത്തരം ദുഷ്:പ്രവണതകൾക്ക് ഒരുപരിധിവരെ തടയിടാൻ വഴിയൊരുക്കുമെന്ന തിരിച്ചറിവാണ് സഹൃദയ പദ്ധതിയ്ക്ക് രൂപം കൊടുക്കാൻ പോലീസിനെ പ്രേരിപ്പിച്ചത്.

കാസർഗോഡും പരിസരപ്രദേശങ്ങളിലുമായി അൻപതിലേറെ സ്പോർട്സ് - ആർട്സ് ക്ലബ്ബുകൾ നിലവിലുണ്ട്. ഇവയിൽ ഭൂരിഭാഗത്തിലും ഒരോ മതവിഭാഗങ്ങളിൽപ്പെട്ടവർ മാത്രം അംഗങ്ങളാകുന്ന പ്രവണതയാണുള്ളത്. വിദ്വേഷങ്ങൾക്കു വളക്കൂറാകുന്ന ഈ സാഹചര്യം ഒഴിവാക്കി ഒത്തുചേർന്നുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനാണ് ഈ ക്ലബ്ബുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സഹൃദയ എന്ന പൊതുവേദിയ്ക്ക് പോലീസ് രൂപം നൽകിയത്.

കൃത്യമായ ഇടവേളകളിൽ ജില്ലാ പോലീസ് മേധാവിയുടെ അധ്യക്ഷതയിൽ സഹൃദയയുടെ യോഗം ചേരുന്നു. വിഭാഗീയ ചിന്തകളില്ലാതെ കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നു.

അവ വിജയിപ്പിക്കാൻ ഒന്നിച്ച് പ്രവർത്തിക്കുന്നു. യുവാക്കൾക്കിടയിൽ വിവിധ വിഷയങ്ങളിലെ ബോധവത്കരണം, സൗജന്യ പി എസ് സി കോച്ചിങ് ക്ലാസ്സുകൾ, യോഗ പരിശീലനം, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സെമിനാറുകൾ, ആരോഗ്യ സെമിനാറുകൾ എന്നിവ സഹൃദയയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ഇതോടൊപ്പം എംപ്ലോയ്മെന്റ് വകുപ്പുമായി ചേർന്ന് സ്കൂൾവിദ്യാർഥികൾക്കായി ഉപരിപഠനത്തിൽ കൗൺസിലിങ്ങും സംഘടിപ്പിച്ചുവരുന്നു.

കാസർഗോഡ്, വിദ്യാനഗർ സ്റ്റേഷനുകളുടെ പരിധിയിലാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നത്. വ്യത്യസ്ത മതപണ്ഡിതരെ ഒന്നിച്ച് പങ്കെടുപ്പിച്ചു നടത്തിയ സാംസ്കാരിക സമ്മേളനങ്ങളും മറ്റു പരിപാടികളും സൗഹൃദയയുടെ ലക്ഷ്യം നേടുന്നതിന് വളരെയേറെ സഹായകമായതായി ജില്ലാ പോലീസ് മേധാവി കെ ജി സൈമൺ പറഞ്ഞു. ഇതേത്തുടർന്ന് പദ്ധതി ജില്ലയിലാകെ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു.

ഇതിന്റെ ഭാഗമായി ജില്ലയിലെ ക്ലബ്ബുകൾ പങ്കെടുക്കുന്ന സെവൻസ് ഫുട്ബോൾ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇതോടൊപ്പം ക്രിക്കറ്റ് , വോളിബോൾ, കബഡി, ഷട്ടിൽ ബാഡ്മിന്റൺ, വടംവലി തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കലാമത്സരങ്ങളിൽ വിജയിക്കുന്നവരെ പങ്കെടുപ്പിച്ച് ജില്ലാതല മത്സരങ്ങളും നടത്തിവരുന്നു. ഇതോടൊപ്പം ലളിതഗാനം, സിനിമാഗാനം, കഥാരചന, കവിതാരചന, ചിത്രരചന, ക്വിസ്, തെരുവ് നാടകം തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

അടുത്ത ഘട്ടമെന്നനിലയിൽ മതേതര ഘോഷയാത്രകളും സാംസ്കാരിക സമ്മേളനങ്ങളും സംഘടിപ്പിക്കുന്നതിന്റെ ഒരുക്കത്തിലാണിപ്പോൾ ജില്ലാ പോലീസ്.

"പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള ഇത്തരം സവിശേഷ സംരംഭങ്ങൾ പോലീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഏറെ സഹായകമാകും" സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു. പദ്ധതിക്കാവശ്യമായ എല്ലാ സഹായവും നല്കുമെന്നും അദ്ദേഹം പറഞ്ഞു.

ക്രമസമാധാനപാലനവും കുറ്റാന്വേഷണവുമുൾപ്പെടെയുള്ള പതിവു ജോലികൾക്കുമപ്പുറം കൂടുതൽ ഉൾക്കാഴ്ച്ചയോടെയുള്ള പുതിയൊരിടപെടലായി മാറുകയാണ് സൗഹൃദയ.

********